# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 3667 - 23/08/2017 - ലെ മറുപടിക്ക്

## കേന്ദ്രാവിഷ്കൃത പദ്ധതികളിലെ ഫണ്ട് കൈമാറ്റം

ചോദ്യം | ഉത്തരം

ശ്രീ.റ്റി.വി.രാജേഷ് | ഡോ. ടി. എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പുമന്ത്രി)

| ചോദ്യം | | ഉത്തരം |
|---|---|---|
| (എ) | വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് കേന്ദ്ര സർക്കാർ അനുവദിക്കുന്ന ഫണ്ട് നിർവ്വഹണ ഏജൻസികൾക്ക് കൈമാറുന്നതിന് നിലവിലുണ്ടായിരുന്ന നടപടിക്രമങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ; | കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് ഫണ്ട് റിലീസ് ചെയ്ത് നൽകുന്നതിൽ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനും കേന്ദ്ര വിഹിതത്തിന് ആനുപാതികമായി സംസ്ഥാന വിഹിതം നൽകുന്നതിലുമുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന ഒരു Revised Fund Flow Method 21.02.2017 തീയതിയിലെ 24/2017/ധന നമ്പർ സർക്കാർ ഉത്തരവായി പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു പ്രകാരം കേന്ദ്ര സർക്കാറിൽ നിന്ന് ഫണ്ട് ലഭിച്ചിട്ടുള്ളതും സംസ്ഥാന ബജറ്റിൽ ആവശ്യമായ തുക വകയിരുത്തിയിട്ടുള്ളതുമായ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫണ്ട് നിർവ്വഹണ ഏജൻസികൾക്ക് ഭരണ വകുപ്പിനു തന്നെ നേരിട്ട് റിലീസ് ചെയ്ത് നൽകാവുന്നതാണ്. റിസർവ് ബാങ്ക് ഓഫ് ഇൻഡ്യയുടെ ക്രെഡിറ്റ് മെമ്മോ പ്രകാരം സംസ്ഥാനത്തിന്റെ അക്കൗണ്ടിലേയ്ക്ക് കേന്ദ്ര ഫണ്ട് ക്രെഡിറ്റാകുന്ന മുറയ്ക്ക് ആയത് ബന്ധപ്പെട്ട സെക്രട്ടറി / വകുപ്പുതലവന്മാരെ അറിയിക്കുന്നതോടൊപ്പം ആയത് നടപ്പാക്കുന്ന ബന്ധപ്പെട്ട ഏജൻസി / വകുപ്പിന് റിലീസ് ചെയ്ത് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നുള്ള നിർദ്ദേശവും ധനകാര്യ (പ്ലാനിംഗ്) വകുപ്പിൽ നിന്നും നൽകിവരുകയും ചെയ്യുന്നുണ്ട്. കൂടാതെ ധനകാര്യ (പ്ലാനിംഗ്) വകുപ്പിൽ നിന്ന് കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സുഗമമായ നടത്തിപ്പിനും സമയബന്ധിതമായി കേന്ദ്ര ഫണ്ട് |

| | | |
|---|---|---|
| | | വിനിയോഗത്തിനുമായി നിർദ്ദേശങ്ങൾ നൽകിക്കൊണ്ട് ഓരോ സാമ്പത്തിക വർഷാവസാനവും പ്രത്യേക സർക്കുലറുകൾ പുറപ്പെടുവിക്കാറുണ്ട്. 2016-17 സാമ്പത്തിക വർഷത്തിന്റെ അവസാനപാദത്തിൽ ഫണ്ട് വിനിയോഗം ത്വരിതപ്പെടുത്താൻ 12.01.2017 -ൽ 02/2017/ധന. നമ്പർ സർക്കുലർ പുറപ്പെടുവിച്ചിരുന്നു. |
| (ബി) | നടപടിക്രമങ്ങളിലെ മാറ്റം മൂലം നിർവ്വഹണ ഏജൻസികൾക്ക് ഫണ്ട് ലഭിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | മേൽ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല. |

സെക്ഷൻ ഓഫീസർ